LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമപെൻഷനുകൾ ചുവടെ ചേർക്കുന്നു :

1. ഇന്ദിരാഗാന്ധിദേശീയ വാർദ്ധക്യകാല പെൻഷൻ
2. വികലാംഗ പെൻഷൻ
3. വിധവാ പെൻഷൻ
4. കർഷക തൊഴിലാളി പെൻഷൻ
5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

മാതൃകാ അംഗൻവാടികൾ

264 (3244) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ അംഗൻവാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ; സംസ്ഥാനത്ത് ആകെയും കോട്ടയം ജില്ലയിലും എത്ര മാതൃകാ അംഗൻവാടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാതൃക അംഗൻവാടികളുടെ നിർമ്മാണത്തിനുള്ള സാമ്പത്തിക സ്രോതസ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തനം ആരംഭിച്ച മാതൃക അംഗൻവാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടി വീതം 140 അംഗൻവാടികളാണ് മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിലാണ് മാതൃകാ അംഗൻവാടികൾ അനുവദിക്കുന്നത്. ഒരു മാതൃകാ അംഗൻവാടി കെട്ടിടം 23.75 ലക്ഷം രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. വകുപ്പു തലത്തിൽ 17 ലക്ഷം രൂപയും, എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയും ആണ്. 10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ്റൂം,

നീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയ്‌ലറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവനങ്ങളും മാതൃകാ അംഗൻവാടിയുടെ ലക്ഷ്യങ്ങൾ ആണ്. സംസ്ഥാനത്താകെ 25 മാതൃകാ അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം നിയോജക മണ്ഡലത്തിലെ മാതൃകാ അങ്കണവാടിയുടെ വൈദ്യുതീകരണം ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഒരു മാതൃകാ അംഗൻവാടി കെട്ടിടനിർമ്മാണത്തിന്റെ തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. അടങ്കൽ തുകയുടെ 15% തുക കൂടി ആവശ്യമായി വരുന്നെങ്കിൽ അധിക ചെലവ് വഹിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രവർത്തനം ആരംഭിച്ച മാതൃകാ അംഗൻവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	നിയോജക മണ്ഡലം	ഐസിഡിഎസ്	സെന്റർ നമ്പർ
1	വാമനപുരം	നെടുമങ്ങാട്	30
2	കാട്ടാക്കട	നേമം(അഡീഷണൽ)	91
3	നെയ്യാറ്റിൻകര	അതിയന്നൂർ(അഡീഷണൽ)	58 (പഴയ നമ്പർ 132)
4	പാറശ്ശാല	പെരുങ്കടവിള(അഡീഷണൽ)	61
5	ആറ്റിങ്ങൽ	കിളിമാനൂർ	100
6	കോവളം	പാറശ്ശാല	2
7	ചിറയിൻകീഴ്	പോത്തൻകോട്	154
8	മുവാറ്റുപുഴ	കോതമംഗലം(അഡീഷണൽ)	57
9	കോട്ടയ്ക്കൽ	കുറ്റിപ്പുറം	111
10	ദേവികുളം	അടിമാലി	89

LIBRARY ARCHIVES Kerala Legislative Assembly